ഉള്ളടക്കം.

അടിസ്ഥാന വിവരങ്ങൾ

ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ലഘുചരിത്രം.

വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്.

പദ്ധതിരൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ.

നിലവിലെ അവസ്ഥാ വിശകലനം.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

പദ്ധതി വിശദാംശങ്ങൾ.
[മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം].

പ്രതീക്ഷിത നേട്ടങ്ങൾ.

ഉപസംഹാരം.

അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്	: ഇ.എ.എൽ.പി.എസ് തേവർകാട്
വിലാസം	: ഇരവിപേരൂർ പി.ഒ തിരുവല്ല 689542
സ്കൂൾ കോഡ്	: 37333
വിദ്യാഭ്യാസ ഉപജില്ല	: പുല്ലാട്
റവന്യൂ ജില്ല	: പത്തനംതിട്ട
ബി.ആർ.സി	: പുല്ലാട്
ഗ്രാമപഞ്ചായത്ത്	: ഇരവിപേരൂർ
ബ്ലോക്ക് പഞ്ചായത്ത്	:
ജില്ലാപഞ്ചായത്ത്	: പത്തനംതിട്ട
താലൂക്ക്	: തിരുവല്ല.
ഇ.മെയിൽ	: thevarkadealp@gmail.com

വിദ്യാലയ വികസന പദ്ധതി 2015-16

ആമുഖം

പത്തനതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ ഇരവിപേരൂർ പഞ്ചായത്തിൽ തേവർകാട് പ്രദേശത്ത് 6-ാം വാർഡിൽ 1895-ൽ ഈ സ്കൂൾ സ്ഥാപിതമായി. സ്കൂളിനു സമീപമുള്ള പ്രധാന സ്ഥലങ്ങൾ ഇരവിപേരൂർ, കുമ്പനാട്, എന്നിവയാണ്. സെന്റ്.മാത്യു മാർത്തോമ്മ ചർച്ച്, പ്രത്യക്ഷരക്ഷാ ദൈവസഭയുടെ ആസ്ഥാനം ഒ.ഇ.എം.പബ്ലിക് സ്കൂൾ, സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂൾ എന്നിവ സ്കൂളിനു സമീപമുള്ള വിവിധ സ്ഥാപനങ്ങളാണ്.

മാർത്തോമ്മാ സഭയുടെ സുവിശേഷികരണത്തിലൂടെ അക്ഷരവെളിച്ചം പകരുന്നതിനായി സ്ഥാപിതമായതാണ് ഈ വിദ്യാലായം. ഗ്രാമ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂൾ തേവർകാട് പ്രദേശത്തുള്ള കുഞ്ഞുങ്ങൾക്ക് അക്ഷരവെളിച്ചം പകരുന്നതിനുള്ള ഏകസ്ഥാപനമായിരുന്നു. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ ഉടമസ്ഥതയിൽ എം.ജി.ആന്റ് ഇ.എ.കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ ഈ സ്കൂൾ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് 120 വർഷം പിന്നിടുമ്പോൾ സാംസ്കാരിക രാഷ്ട്രീയ രംഗത്ത് പ്രശസ്തരും പ്രഗത്ഭരും ആയ നിരവധി വ്യക്തികൾ ഇവിടെ പഠനം നടത്തി. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവുപുലർത്തി വന്നിരുന്നെങ്കിലും അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ കടന്നുവരവ് ഈ വിദ്യാലയത്തിൽ കുട്ടികൾ കുറയാൻ കാരണമായി.,

ഈ വിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷിക്കാനും മികവിലേക്ക് മാറാനുമുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിക്കൊണ്ട് ഈ വികസന പദ്ധതി രേഖ സവിനയം സമർപ്പിക്കുന്നു.

(3) ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് കൊണ്ടുള്ള അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. ഭിന്നശേഷി കുട്ടികളെ വിദ്യാഭ്യാസ രംഗത്തേക്ക് കൈപിടിച്ചുയർത്തുക.

3. പ്രകൃതി സൗഹൃദപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുക.

4. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

5. നേഴ്സറി മുതൽ 4ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

6. അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

<u>ചരിത്രം</u> (4)

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ പുല്ലാട് ഉപജില്ലയിലെ തോൺകാട് സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് ഇ.എം.എൽ.പി.എസ് തോൺകാട്. മലങ്കര മാർത്തോമ സുവിശേഷ പ്രസംഗ സംഘം വകയായി 1895 ൽ ഇരവിപേരൂർ കരിമ്പുമണ്ണിൽ ശ്രീ. കൊച്ചുമത്തായി അവർകളുടെ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ളതാണ് ഈ വിദ്യാലയം.

വിവിധ സാമൂഹിക ആധ്യാത്മിക പ്രസ്ഥാനങ്ങൾ ഈ വിദ്യാലയം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു. പട്ടണത്തിന്റെ തിരക്കുകളിൽ നിന്നും മാറി ശാന്തസുന്ദരമായ പ്രദേശത്തു സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം അനേകായിരങ്ങൾക്ക് അറിവിന്റെ വെളിച്ചം നൽകി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിലെ കീഴാള ജനങ്ങളുടെ കാഴ്ചപ്പാടുകളെ നവരൂപത്തിൽ അവതരിപ്പിച്ച സാമൂഹിക നേതാവും പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപകനുമായ പൊയ്കയിൽ ശ്രീ കുമാര ഗുരുദേവൻ ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥിയായിരുന്നു. കേവലം രണ്ട് ക്ലാസുകൾ മാത്രമായി ഒരു ഓലപ്പുരയിൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ ഇപ്പോൾ നാലുവരെ ക്ലാസുകളിലായി പഠനം നടക്കുന്നു. അധ്യാപകരും എസ്.എം.സിയും പി.ടി.എയും ചേർന്ന് ഈ സ്കൂളിന്റെ പുരോ-

ഗതിക്കു വേണ്ടി പ്രവർത്തിച്ചു വരുന്നു.

പ്രഥമ അദ്ധ്യാപികയായ സുജ ബേബി ടീച്ചറിന്റെ നേതൃത്വത്തിൽ സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും വളരെ നല്ല രീതിയിൽ നടന്നു വരുന്നു. ഒരു പ്രദേശത്തിനാകെ അറിവിന്റെ വെളിച്ചം വിതറി വിദ്യയുടെ ആദ്യാക്ഷരം പകർന്നു നൽകിയ ഈ വിദ്യാലയം ഇന്നും അറിവിന്റെ നിറകുടമായി നിലകൊള്ളുന്നു.

6) മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (5)

അക്കാദമികം	ഭൗതികം	സാമൂഹികം.
* ഭാഷാശേഷി വികസനം (മലയാളം)	* ചുറ്റുമതിൽ നിർമ്മാണം	* പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ
* ഇംഗ്ലീഷ് പഠന പരിപോഷണം	* ഡൈനിംഗ് ഹാൾ	
* ഗണിതശേഷി വികസനം	* കുടിവെള്ള വിതരണം	* പി.ടി.എ ശക്തിപ്പെടുത്തൽ
* ശാസ്ത്ര പരിപോഷണ പരിപാടി		
* പച്ചക്കറിത്തോട്ടം	* ജൈവ വൈവിധ്യ പാർക്ക്	* പൂർവ്വ അധ്യാപക സംഗമം
* പോഷകാഹാര പരിപാടി	* ക്ലാസ് റൂമുകൾ മെച്ചപ്പെടുത്തൽ.	* പുസ്തക സമാഹരണം
* വായനാ പരിപോഷണം		* പി.ടി.എ/എം.പി.ടി.എ സർഗോത്സവം
* ദിനാചരണങ്ങൾ	* മാലിന്യ സംസ്കരണം	
* സ്കൂൾ മാഗസിൻ/ പത്രം.	* ശൗചാലയ ശുചിത്വം.	
* പ്രവൃത്തി പരിചയ പഠനം.		
* ഒറിഗാമി ശില്പശാല		

(6). പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ.

1. എസ്. ആർ. ജി യോഗത്തിൽ 'ഇ. എ. എൽ. പി. എസ് തേവർകാട് വിഷൻ 2027' എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ SRG, PTA, MPTA, SAC എന്നിവയിൽ അവതരിപ്പിക്കൽ.

4. SRG, PTA, MPTA, SAC യിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

നിലവിലെ അവസ്ഥാവിശകലനം

ഭൗതികം - നേട്ടങ്ങൾ

- ശുചിത്വ - സുന്ദര വിദ്യാലയാന്തരീക്ഷം.
- കളിസ്ഥലം.
- ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടുക്കള
- കുടിവെള്ള സൗകര്യം.
- ഉപയോഗയോഗ്യമായ ടോയ്‌ലറ്റ്
- ലൈബ്രറി പുസ്തകങ്ങൾ
- ക്ലാസ്മുറികൾ - ടൈൽ ചെയ്തതും ലൈറ്റ്, ഫാൻ സൗകര്യം ഉള്ളതും.
- അടുക്കളത്തോട്ടം.

ഭൗതികം - പരിമിതികൾ

129 വർഷം പഴക്കമുള്ള സ്കൂൾ കെട്ടിടം.

പഠനോപകരണങ്ങൾ ഭദ്രമായി സൂക്ഷിക്കാൻ കഴിയാത്ത ക്ലാസ്മുറി

ചുറ്റുമതിൽ ഇല്ല.

ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യ ഉള്ള മുറികൾ ഇല്ല.

കാലഹരണപ്പെട്ട കമ്പ്യൂട്ടർ

വിശാലമല്ലാത്ത കളിസ്ഥലം.

മേഖല - അക്കാദമികം / ശാസ്ത്രം

ഉപമേഖല - ശാസ്ത്ര പോഷണ പരിപാടി

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ	ശാസ്ത്ര മാസിക, ലഘുപരീക്ഷണങ്ങൾ, പഠനയാത്രകൾ		സയൻസ് ക്ലബ്ബ്	

മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തിപരിചയ പഠനം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
പ്രവൃത്തിപരിചയത്തിൽ പ്രാവീണ്യം നേടൽ	സ്കൂൾതല ശാസ്ത്രമേളയിൽ / ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നു	July-March	Class teachers	

മേഖല : അക്കാദമികം

പ്രവർത്തനം : ഒറിഗാമി ശില്പശാല

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷി വികാസവും	ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. · വിവിധ രൂപങ്ങൾ നിർമ്മിക്കൽ · ഗണിത പ്രദർശനം സംഘടിപ്പിക്കൽ	വർഷത്തിൽ ഒന്ന്.	S.R.G	

മേഖല - അക്കാദമികം.

ഉപമേഖല - ഭാഷാശേഷി വികസനം (Malayalam)

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
വായന/ലേഖന പ്രവർത്തനങ്ങളിലെ മെച്ചപ്പെടുത്തൽ.	* പഠനവിടവ് ഒഴിവു സമയങ്ങളിൽ ഓരോ ക്ലാസിനും വായന / ലേഖനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നൽകുന്നു.	എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ.	SRG	
അക്ഷരത്തിന്റെ ശരിയായ ഘടന പാലിച്ച് എഴുതൽ	* പിന്തുണ ബുക്ക് 1,2 ക്ലാസുകളിലെ കുട്ടികൾക്ക് അക്ഷര വടിവനുസരിച്ച് എഴുതാൻ പിന്തുണ ബുക്ക് എഴുതിക്കൽ.	June to March	1, 2 ക്ലാസ് ടീച്ചർ.	
സ്വതന്ത്ര രചന പരിപോഷിപ്പിക്കൽ	* സംയുക്ത ഡയറി * സർഗാത്മക ഡയറി കുട്ടികൾ അവരവരുടെ അനുഭവങ്ങൾ ഡയറിയിൽ എഴുതൽ.	July - Mart	Class teachers.	

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് പഠന പരിപോഷണം.

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം.
എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക	English Assembly മാസത്തിൽ 1 ദിവസം കുട്ടികൾ തന്നെ Assembly-യുടെ മുഴുവൻ പരിപാടികളും English-ൽ അവതരിപ്പിക്കുക.	August - March	Class Teachers.	
ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ	English Theater പാഠപുസ്തകത്തിലെ English പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലെത്തിച്ച് സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ Eg: Skit, Conversation, drama.	പ്രതിമാസ പരിപാടി	HM / English അധ്യാപകർ	

മേഖല - അക്കാദമികം

ഉപമേഖല - ഗണിത ശേഷി വികസനം.

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം
ഗണിതം മധുരമാക്കൽ	ഗണിത മൂല ജ്യാമിതീയ രൂപങ്ങൾ, ഗണിത കേളികൾ. ഗണിത പാട്ടുകൾ മുതലായ ഗണിത ആസ്വാദകരമാകുന്ന പ്രവർത്തനങ്ങൾ സജ്ജീകരിച്ച് ഗണിത Corner ഒരുക്കൽ	ഒന്നാം [illegible]	SRG.	
ഗണിതം രസകരമാക്കൽ	ഉല്ലാസഗണിതം/ ഗണിത വിജയം കളികളിലൂടെ / പാട്ടു ഗണിത Module അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ എല്ലാ ക്ലാസിനും ഗണിത ക്ലാസിന്റെ ഒപ്പം നടത്തുന്നു.	2nd term July - March	Class teachers	

മേഖല- അക്കാദമികം

പ്രവർത്തനം - പച്ചക്കറിത്തോട്ടം

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം
കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ	വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ	വർഷത്തിൽ ഒരു പ്രാവിശ്യം	SRG. PTA	

മേഖല - അക്കാദമികം

പ്രോ പേര് - പോഷകാഹാര പരിപാടി.

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം.
ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം	ആഴ്ചയിൽ ഒരോ ദിവസവും വ്യത്യസ്തമെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ	എല്ലാ പ്രവൃത്തി ദിവസങ്ങളിലും	ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, H.M, PTA	ദിവസം 8/-

മേഖല – അക്കാദമികം

ഉപമേഖല – വായനാ പരിപോഷണം

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം
അക്ഷരത്തെറ്റ് കൂടാതെ ഒഴുക്കോടെ വായിക്കാൻ പ്രാപ്തി നേടുന്നു.	വായനാമൂല ~~[illegible]~~. Reading Cards, കഥാപുസ്തകങ്ങൾ മുതലായവ വായനാമൂലയിൽ വയ്ക്കുകയും- ഇടവേള·ഒഴിവു സമയങ്ങളിൽ വായനയ്ക്കായി അവസരം.	June to March	SRG	

മേഖല - അക്കാദമികം

ഉപമേഖല - വിദ്യാർത്ഥികളുടെ സമഗ്രവികസനം.

പ്രവർത്തനം - ദിനാചരണം

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം
വിവിധ ശേഷികളുടെ വികസനം	ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു.	ആവശ്യാനുസരണം.	SRG.	

മേഖല - അക്കാദമികം

ഉപമേഖല - [illegible] / [illegible] സമഗ്ര വികസനം
- സ്കൂൾ മാഗസിൻ / പത്രം.

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം
സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ	വിഷയാധിഷ്ഠിതമായി കഥ, കവിത രചനകളിൽ ഏർപ്പെടുന്നു.	മാസത്തിൽ ഒരിക്കൽ	വിദ്യാരംഗം കലാസാഹിത്യ വേദി	
രചനകൾ [illegible] സ്കൂൾ പത്രം/ [illegible] [illegible] മാഗസിൻ എന്നിവയിൽ പ്രസിദ്ധീകരിക്കൽ	കുട്ടികളുടെ മികച്ച രചനകൾ കണ്ടെത്തി. സ്കൂൾ പത്രത്തിലും പ്രസിദ്ധീകരിക്കുന്നു.	മാസത്തിൽ ഒരിക്കൽ	വിദ്യാരംഗം കലാസാഹിത്യവേദി	

9 പേര് : പി.ടി.എ / എം.പി.ടി.എ സർഗോത്സവം

മേഖല : സാമൂഹികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
അധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക.	പി.ടി.എ, M.P.T.A, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ	വർഷത്തിൽ ഒന്ന്	P.T.A M.P.TA S.RG	

പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം.

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ	വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥിസംഗമം വിളിച്ചു ചേർക്കൽ. അവരവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ / ഫണ്ട് സമാഹരിക്കൽ	വർഷത്തിൽ 1 പ്രാവിശ്യം	SRG / LAC.	

പേര് : പി.ടി.എ ശക്തിപ്പെടുത്തൽ

മേഖല : സാമൂഹികം.

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
രക്ഷിതാക്കൾക്ക് സ്കൂളുമായുള്ള പങ്കാളിത്തം ഉറപ്പാക്കൽ	സ്കൂളിലെ പുരോഗതി കാണിക്കുന്ന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളികളാകുന്നു.	ഓരോ അധ്യായന വർഷവും.	SRG.	

പേര്: പൂർവ്വാദ്ധ്യാപക സംഗമം

മേഖല: സാമൂഹികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ	അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ	2 വർഷത്തിലൊരിക്കൽ	[illegible] SRG	

പേര്: പുസ്തക സമാഹരണം

മേഖല: സാമൂഹികം.

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ	അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ	വർഷത്തിൽ ഒരു പ്രാവശ്യം	SRG	

9 പേര് : ചുറ്റുമതിൽ

മേഖല : ഭൗതികം.

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തിക വിശകലനം
സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ	സ്കൂളിന് ദൃഢതയും ഉറപ്പുമുള്ള ചുറ്റുമതിൽ നിർമ്മിക്കുക, വിദ്യാലയ പരിസരം സംരക്ഷിക്കുക	ഒരു വർഷം	പി.ടി.എ	

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
ശുചിത്വം + ആരോഗ്യം = പഠനം	സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ	രണ്ടു വർഷം	പി.ടി.എ	

പേര് : കുടിവെള്ള വിതരണം

മേഖല : ഭൗതികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ	കുട്ടികൾക്ക് എല്ലാ ദിവസവും കുടിക്കാനുള്ള ശുദ്ധജലം വിതരണം ചെയ്യൽ.	ഒരു വർഷം തോറും	സ്കൂൾ	

പേര് : ജൈവവൈവിധ്യ പാർക്ക്

മേഖല : അക്കാദമികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
പ്രകൃതിയെ അടുത്തറിയാൻ അവസരം	സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ.	ഒരു വർഷം	S.R.G	

മേഖല - ഭൗതികം

ഗോൾ - ക്ലാസ്മുറികൾ മെച്ചപ്പെടുത്തൽ

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
അടിസ്ഥാന സൗകര്യ വികസനം.	നേഴ്സറി ഉൾപ്പെടെ അഞ്ച് ക്ലാസ് മുറികൾ തിരിക്കാനാവശ്യമുള്ള സ്ക്രീൻ, Black Board, Bench & Desk, മുതലായവ ഒരുക്കൽ	1 വർഷം	PTA, LAC.	

മേഖല - ഭൗതികം.

പേര് - മാലിന്യ സംസ്കരണം

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം
ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ	ജൈവ മാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യ പ്രദമായ സ്ഥലത്ത് ഒരുക്കൽ	1 വർഷം	SRG. PTA	

മേഖല - ഭൗതികം

~~പ്രവർ~~ പേര് - ശൗചാലയ ശുചിത്വം

ലക്ഷ്യം	പ്രവർത്തനം	കാലം	ചുമതല	സാമ്പത്തികം
ശുചിയായി സംരക്ഷിക്കുക.	ആഴ്ചയിൽ 3 ദിവസം അധ്യാപകരുടെയും കുട്ടികളുടെയും ശൗചാലയം ശുചീകരിക്കൽ	ആഴ്ചയിൽ 3 ദിവസം.	P.TA.	

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

മേഖല: അക്കാദമികം

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
ഒരു കുട്ടിയെ ഒരു യൂണിറ്റായി കണ്ട് ക്ലാസ് തലത്തിലേക്ക് കുട്ടിയുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നു.	* ഓരോ കുട്ടിയെയും കുറിച്ച് ഓരോ ക്ലാസിലും cumulative record തയ്യാറാക്കുന്നു. * പഠന നിലവാരത്തിനനുസരിച്ച് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.			

10 പ്രതീക്ഷിത നേട്ടങ്ങൾ

10

* ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു
* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു
* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു

ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും [illegible] ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഒന്നുമില്ലാത്ത നന്മകളാൽ സമ്പന്നമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രത്യാശിക്കുന്നു.